**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **28-07-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ വൈ-ഫൈ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫൈ പദ്ധതി പ്രകാരം എത്ര സ്ഥലങ്ങളിലാണ് സൗജന്യ വൈ-ഫൈ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് 'കെ-ഫൈ'. പ്രസ്തുത പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലായി ആയിരം വീതം, ആകെ 2000 ഹോട്ട്സ്പോട്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് . |
| (ബി) | അതിൽ എത്ര കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | അനുമതി നൽകിയ 2000 കേന്ദ്രങ്ങളിലും സൗജന്യ വൈഫൈ നൽകിയിട്ടുണ്ട്. ഇതിന് പുറമെ കേരള നിയമസഭയിലും കേരള ഹൈക്കോടതിയിലുമായി 23 ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാ ഭരണകേന്ദ്രങ്ങൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, പഞ്ചായത്തുകൾ, ജനസേവന കേന്ദ്രങ്ങൾ, ലൈബ്രറികൾ, ബസ്സ്റ്റാൻഡുകൾ, പാർക്കുകൾ മുതലായ, ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്തയിടങ്ങളിൽ ബി.എസ്.എൻ.എൽ മുഖേനയാണ് വൈഫൈ സംവിധാനം നടപ്പിലാക്കുന്നത്. പൊതുജനങ്ങൾക്ക് അവരുടെ മൊബൈലിലും ലാപ്ടോപ്പിലും മറ്റും തികച്ചും സൗജന്യമായി ദിവസേന പരമാവധി ഒരു ജിബി, 10 എംബിപിഎസ് വരെ വേഗതയോടു കൂടി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ